LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്കല താലൂക്ക് ഓഫീസിന്റെ അധികാര പരിധിയിൽ ഉൾപ്പെട്ടിരുന്ന കരവാരം വില്ലേജിനെ വർക്കല താലൂക്കിൽ നിന്നും വേർപെടുത്തി ചിറയിൻകീഴ് താലൂക്കിൻകീഴിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള 22-9-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 482/2015/ആർ.ഡി. സർക്കാർ ഉത്തരവ് 25-9-2015-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടി നടപടിക്ക് 22-9-2015 മുതൽ പ്രാബല്യമുണ്ട്.

(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം-എ' ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

തോട്ടം മേഖലയിലെ ഭൂമി

155 (1233) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ എത്ര എക്കർ ഭൂമി നിലവിലുണ്ട്;

(ബി) തോട്ടം മേഖലയിലെ 5% ഭൂമി ഇതര ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയിലെ ഭൂമിയിൽ തോട്ടം ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതായ ഭൂമി മൊത്തം എത്ര ഏക്കർ ഉണ്ട്;

(ഡി) തോട്ടം ഇല്ലാത്ത പ്രസ്തുത ഭൂമികൾ കണ്ടെത്തി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തോട്ടഭൂമിയുടെ 5% വരെ ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകി കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പുഷ്പകൃഷി, വാനില, ഔഷധ സസ്യങ്ങൾ, മറ്റ് കാർഷിക വിഭവങ്ങൾ കൃഷിചെയ്യുന്നതിനും ഹോട്ടലുകൾ, റിസോർട്ടുകൾ മറ്റ് ടൂറിസം പദ്ധതികൾ അവയോടനുബന്ധിച്ചുള്ള മറ്റ് ആവശ്യങ്ങൾക്കും ടി ഭൂമി ഉപയോഗിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇളവനുവദിച്ച തോട്ടഭൂമി, തോട്ടമായി നിലനിർത്താത്ത അവസരങ്ങളിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 87 പ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾക്ക് നടപടി സ്വീകരിക്കാവുന്നതും ടി ഭൂമികൂടി ഉൾപ്പെടുത്തി ഡിക്ലറന്റിനെതിരെ സീലിംഗ് നടപടികൾ ആരംഭിക്കാവുന്നതുമാണ്. അപ്രകാരം താലൂക്ക് ലാന്റ് ബോർഡുകൾ പരിശോധിച്ച് മിച്ചഭൂമിയായി പ്രഖ്യാപിച്ചാൽ ടി ഭൂമി കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഭൂരഹിത കർഷക തൊഴിലാളികൾക്ക് വിതരണം ചെയ്യാവുന്നതുമാണ്.

റവന്യൂ അദാലത്ത്

156 (1234) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചതെന്നുള്ളതിന്റെ താലൂക്ക് തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പരാതികളിൽ തൽസമയ പരിഹാരം ഉണ്ടാക്കാൻ സാധിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇനി തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്രയെന്നും തീർപ്പു കൽപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ ലഭിച്ച പരാതികളുടെ താലൂക്ക് തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

സുൽത്താൻബത്തേരി താലൂക്ക്	-	622
മാനന്തവാടി താലൂക്ക്	-	356
വൈത്തിരി താലൂക്ക്	-	970

(ബി) നാളിതുവരെ വൈത്തിരി താലൂക്കിൽ 622 അപേക്ഷകളും സുൽത്താൻ ബത്തേരി താലൂക്കിൽ 533 അപേക്ഷകളും മാനന്തവാടി താലൂക്കിൽ 313 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly